# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.2456 08/12/2015-ൽ മറുപടിയ്ക്ക്

**ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | 2010-15 കാലത്ത് ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്ക് ആകെ എത്ര രൂപ നല്കി ; | (എ) & (ബി) | മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിന് ആദിവാസികൾക്ക് ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷന് 2014-15 സാമ്പത്തിക വർഷം മൂന്ന് ലക്ഷം രൂപ നല്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലും ഗിരിവികാസ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 58.87 ലക്ഷം രൂപ ജില്ലാ കളക്ടർ ചെയർമാനായ നെഹ്റു യുവകേന്ദ്ര എന്ന സംഘടനയ്ക്കും നല്കിയിട്ടുണ്ട്.<br><br>എൻ.ജി.ഒ.കൾക്ക് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിയ്ക്കുന്ന പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ ശുപാർശയോടെയാണ് കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുന്നതെങ്കിലും, ധനസഹായം എൻ.ജി.ഒ.കൾക്ക് നേരിട്ടാണ് ലഭിക്കുന്നത്. അക്കാരണത്താൽ വിശദാംശങ്ങൾ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | ഓരോ എൻ.ജി.ഒ.യ്ക്കും ഓരോ വർഷവും നല്കിയ തുക എത്ര വീതമെന്നും അവ ഓരോന്നും ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ ; | | |

സെക്ഷൻ ഓഫീസർ